(ബി) ആലപ്പുഴ ജില്ലയിൽ വ്യാപകമായി പച്ചരി ക്ഷാമം ഉണ്ടാകാനുള്ള കാരണം എന്താണ്;

(സി) ആവശ്യാനുസരണം പച്ചരി ലഭ്യമാക്കാൻ എന്തു നടപടി എടുത്തു എന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) ചില സന്ദർഭങ്ങളിൽ പച്ചരി ലഭിക്കാതെ വരുന്നതായി പരാതി ലഭിക്കാറുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ വിതരണത്തിനായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ സ്റ്റോക്കുചെയ്തിരുന്ന പച്ചരി, ജില്ലാ, സപ്ലൈ ഓഫീസറുടെ പരിശോധനയിൽ വിതരണയോഗ്യമല്ലെന്ന് കണ്ടതിനാൽ അത് റേഷൻ കടകൾക്കു നൽകിയില്ല. പകരം വിതരണയോഗ്യമായ അരി ലഭിക്കുന്നതിന് രണ്ടോ മൂന്നോ ദിവസത്തെ കാലതാമസം നേരിട്ടു.

(സി) എഫ്.സി.ഐ. ഗോഡൗണുകളിൽ ഇപ്പോൾ ആവശ്യത്തിനുള്ള പച്ചരി സ്റ്റോക്കുണ്ട്. ഇത് ഉറപ്പുവരുത്തണമെന്ന് അധികൃതരോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

84 (710) റേഷൻ കാർഡിന് ഫീസ്

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.:

(എ) റേഷൻ കാർഡിന്റെ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) റേഷൻ കാർഡിനുള്ള അപേക്ഷാ ഫോറത്തിന് വില ഏർപ്പെടുത്തിയോ; എങ്കിൽ എത്ര;

(ഡി) റേഷൻ കാർഡിൽ പേരു ചേർക്കുന്നതിനും പേരു നീക്കം ചെയ്യുന്നതിനും കാർഡ് മറ്റൊരിടത്തേയ്ക്ക് മാറ്റുന്നതിനും ചാർജ്ജ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം;

(ഇ) മണ്ണെണ്ണ പെർമിറ്റിന്റെ ഫീസിൽ എത്ര വർദ്ധനവ് ഉണ്ടായി;

(എഫ്) റേഷൻ ഷാപ്പ് ലൈസൻസിനുള്ള ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെർമനന്റ് റേഷൻ കാർഡിന്റെ വില 7 രൂപയിൽ നിന്നും 15 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. അഞ്ചുരൂപ.

(ഡി) റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന് നിലവിൽ ചാർജ്ജ് ഏർപ്പെടുത്തിയിട്ടില്ല. പേര് കുറവുചെയ്ത് റിഡക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനും കാർഡ് മറ്റൊരിടത്തേയ്ക്ക് മാറ്റി സറണ്ടർ സർട്ടിഫിക്കറ്റ് നൽകുന്നതിനും അഞ്ചു രൂപ ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 5 രൂപയുടെ വർദ്ധനവ് ഉണ്ടായി.

(എഫ്) ഹോൾസെയിൽ ലൈസൻസ് 20 രൂപയിൽ നിന്ന് 500 രൂപയായും റീട്ടെയിൽ ലൈസൻസ് ഫീസ് 10 രൂപയിൽനിന്നും 200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

85 (711) മാവേലിസ്റ്റോറുകൾ നിലവിലുള്ള ഗ്രാമ പഞ്ചായത്തുകൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര ഗ്രാമ പഞ്ചായത്തുകളിലാണ് നിലവിൽ മാവേലിസ്റ്റോറുകൾ ഉള്ളത്;

(ബി) ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ 521 ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ ഉണ്ട്.

(ബി) ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

	ജില്ല		മാവേലി സ്റ്റോറുകളുള്ള പഞ്ചായത്തുകളുടെ എണ്ണം
1.	തിരുവനന്തപുരം	-	45
2.	കൊല്ലം	-	51
3.	പത്തനംതിട്ട	-	31
4.	കോട്ടയം	-	44
5.	ഇടുക്കി	-	17
6.	ആലപ്പുഴ	-	38
7.	എറണാകുളം	-	49
8.	തൃശ്ശൂർ	-	57
9.	പാലക്കാട്	-	39
10.	മലപ്പുറം	-	48
11.	കോഴിക്കോട്	-	41
12.	കണ്ണൂർ	-	34
13.	വയനാട്	-	12
14.	കാസർഗോഡ്	-	15
	ആകെ		521 എണ്ണം

86 (712) മാവേലി മെഡിക്കൽ സ്റ്റോറുകൾ

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly